TB Movie Club Weekly Review **#MovieClub**

KERALA CRIME FILES

OTT : Disney+Hotstar

എഴുതിയത് : Seetha Lekshmy

ഇന്ത്യൻ സിനിമാലോകത്തിൽ ഇതര ഭാഷാ ചിത്രങ്ങൾക്ക് ഒരു ചുവടു മുൻപേയാണ് പലപ്പോഴും മലയാള ചിത്രങ്ങൾ സഞ്ചരിക്കാറ്. വെബ് സീരീസിന്റെ കാര്യത്തിൽ ല്ലോളം താമസിച്ചാണെങ്കിലും നമ്മുടെ " അന്തസ്സിനും തറവാട്ട്മഹിമയ്ക്കും
😜" യോജിച്ച ഒരു ഒന്നാന്തരം ക്രൈം ത്രില്ലർ ഇൽ കൂടിയാണ് മലയാളത്തിന്റെ അരങ്ങേറ്റം.

ആഴമുള്ള മുറിവുകളെ പോലും "മധുര"മായി നമുക്കു മുൻപിൽ എത്തിച്ച അഹമ്മദ് കബീർ ആണ് സംവിധായകൻ. പക്ഷേ മലയാളത്തിലെ ആദ്യ സീരീസിൽ ഏറ്റവും കൂടുതൽ കയ്യടി അർഹിക്കുന്നത് ആര് എന്ന് ചോദിച്ചാൽ തിരക്കഥാകൃത്ത് Ashik Aimer എന്നാണ് ഉത്തരം. രണ്ട് half ലും കൂടി 5 twist വീതം, അതിൽ അവസാന 5 minute ൽ രണ്ട് twist എങ്കിലും നിർബന്ധം എന്ന ആരോ കണ്ടുപിടിച്ച് മറ്റുള്ളവർ പിറകെ പാഞ്ഞ ത്രില്ലർ ഫോർമുല അപ്പാടെ നിരാകരിക്കപ്പെടുന്നുണ്ട് ഇവിടെ.

ഓപ്പണിങ് സീൻ തൊട്ട് വളരെ സ്വാഭാവികമായാണ് കഥയുടെ ഒഴുക്ക്. എന്നാൽ വളരെ റിയലിസ്റ്റിക് ആയ ഒരു പോലീസ് അന്വേഷണ രീതിയുടെ എല്ലാ വെല്ലുവിളികളും ചുവപ്പുനാടകളും ചേർന്ന് സൃഷ്ടിക്കുന്ന സ്വാഭാവികമായ ഒരു slow pace ചിത്രത്തിനുണ്ട് താനും. ക്ലൈമാക്സ് ഉണ്ടാക്കാൻ വേണ്ടി പകയും പ്രതികാരവും സമം ചേർത്ത് ഫ്ലാഷ് ബാക്ക് ഒന്നുമില്ലാതെ തന്നെ "ഷിജു, പാറയിൽ വീട്, നീണ്ടകര" എന്ന address ഓരോ പ്രേക്ഷകന്റെയും ഉള്ളിൽ പതിപ്പിക്കുന്ന, തുടക്കം മുതൽ ഒടുക്കം വരെയും വളരെ കൺവിൻസിങ് ആയ രീതിയിലാണ് കഥ പറച്ചിൽ.

അല്പം പോലും വിരസത അനുഭവപ്പെടാതെ ഈ ആറു ദിവസത്തെ യാത്രയിൽ അന്വേഷണ സംഘത്തോടൊപ്പം കാഴ്ചക്കാരും സഞ്ചരിക്കുന്നു. ഇതിൽ ചിത്രത്തിന്റെ ഛായാഗ്രാഹകൻ Jithin Stanislaus ന്റെ സംഭാവന എടുത്തു പറയേണ്ടതാണ്. അദ്ദേഹം തീർച്ചയായും cinematography ക്ക് ഒരു ഭാവി വാഗ്ദാനമാണ്. എഡിറ്റിങ്ങും വളരെ മികച്ചതാണ്.ഹിഷാമിന്റെ മ്യൂസിക് കൂടെ പറഞ്ഞില്ലേൽ സിനിമയുടെ പിന്നണി അപൂർണമാകും ആദ്യ പകുതി വരെ ഉള്ള സ്ലോ പേസ് പിന്നീട് കഥയുടെ വേഗത്തിനനുസരിച്ചു ഷിഫ്റ്റ് ആവുന്നുണ്ട്. അവസാനത്തെക്ക് അടുക്കുന്തോറും സന്ദർഭങ്ങളുടെയും ടിസ്റ്റ്കളുടെയും ആസ്വാദനം പൂർത്തിയാവുന്നത് ഹിഷാമിന്റെ ഗംഭീര പശ്ചാത്തല സംഗീതത്തിന്റ

അകമ്പടിയോടു കൂടിയാണ്.

ചിത്രത്തിൽ ആദ്യസീനിൽ കാണുന്ന റിസപ്ഷനിസ്റ്റ് പയ്യൻ മുതൽ ഏറ്റവും സീനിയർ ആയ ലാൽ വരെ ഓരോരുത്തരും മികച്ച അഭിനയമാണ് കാഴ്ച വച്ചിരിക്കുന്നത്. എങ്കിലും നമ്മൾ ഞെട്ടിക്കുന്ന പ്രകടനം അജുവർഗീസിന്റെതു തന്നെയാണ്.

അന്വേഷണസംഘത്തിൽ ജീവിതത്തിന്റെ പല സ്റ്റേജിൽ നിൽക്കുന്നപോലീസുകാരെ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ ഓരോ കഥാപാത്രത്തിന്റെയും journey കൃത്യമായി അടയാളപ്പെടുത്തപ്പെട്ടിട്ടുള്ളതു കൊണ്ട് പ്രേക്ഷകന് അവരെ പൂർണമായി ഉൾക്കൊള്ളാൻ കഴിയുന്നു.
നായാട്ട് എന്ന സിനിമയിലെ പോലെ തന്നെ പോലീസുകാർ അനുഭവിക്കുന്ന സമ്മർദ്ദങ്ങൾ, work life imbalanceഎന്നിവ അനുതാപം ഉണർത്തുന്ന രീതിയിൽ അവതരിപ്പിക്കുമ്പോൾ തന്നെ നീണ്ടകാലം ഇത്തരം സാഹചര്യങ്ങളിലൂടെ കടന്നു പോകുമ്പോൾ അവർ എങ്ങനെ insensitive ആയി മാറുന്നു എന്നും കൂടി സീനിയർ പോലീസ് കോൺസ്റ്റബിൾ പ്രദീപിന്റെ(സിൻസ് shan) ന്ടെ കഥാപാത്രത്തിലൂടെ നമ്മെ കാണിച്ചു തരുന്നു. ചിത്രത്തിലെ ദാമ്പത്യ ബന്ധങ്ങൾ വളരെ മാതൃകാപരമാണ്😜.

കൊല്ലപ്പെട്ടത് ഒരു സെക്സ് വർക്കർ ആയതുകൊണ്ട് മുകളിൽ നിന്നും വലിയ പ്രഷർ ഉണ്ടാവില്ല എന്ന നിരീക്ഷണം, ആളുമാറി അറസ്റ്റ് ചെയ്ത പ്രതിയെ ശരിക്കും പ്രതിയാക്കുന്ന പോലീസിന്റെ രീതി അങ്ങനെ പല സാമൂഹിക യാഥാർത്ഥ്യങ്ങളും സ്വാഭാവികമായി അവതരിപ്പിച്ചിരിക്കുന്നു. സർവ്വോപരി സെക്സ് വർക്കർ എന്ന കമ്മ്യൂണിറ്റി യെ സാധാരണ മനുഷ്യജീവി അർഹിക്കുന്ന ബഹുമാനത്തോടെ തന്നെ സ്ക്രീനിൽ എത്തിക്കുന്നു.

സാങ്കേതികവിദ്യകളുടെ ഇടപെടൽ കൊണ്ട് എളുപ്പം കേസ് തെളിയാതിരിക്കാൻ ആവണം കഥ നടക്കുന്ന കാലഘട്ടം 2011 ആണ്😜.
ചുരുളി കണ്ട പരിചയിച്ചു എങ്കിൽ പോലും ലാലിന്റെ സ്ഥാനത്തും അസ്ഥാനത്തും ഉള്ള തെറികൾ കുറച്ചു അലോസരം ഉണ്ടാക്കി.

ഒടുവിൽ നമുക്കു മുൻപിൽ എത്തുന്ന കുറ്റവാളി "ഷിജു " വിനോട് പോലും സഹതാപപൂർണമായ ഒരു സമീപനം ചിത്രത്തിൽ കാണാം.
ചുരുക്കത്തിൽ ഇൻവെസ്റ്റിഗേഷൻ സിനിമകൾ ചെയ്ത് തഴക്കം വന്ന സിനിമാസ്യഷ്ടാക്കൾക്ക് കൂടി കണ്ടുപഠിക്കാൻ പലതുമുണ്ട് ഈ സീരീസിൽ നിന്ന്. ( ഇങ്ങനെ ഒരു നാഴികക്കല്ലായി തീർന്ന സീരീസിൽ TB യുടെ ഒരു മെമ്പർ Abhilash Krishnan Kutty ഭാഗഭാക്കായി എന്ന് നമുക്ക് ഓരോരുത്തർക്കും അഭിമാനിക്കാം )👏👏👏